# ഓത്തുപള്ളിക്കാലമേ പാടുക

ഗൃഹാതുരമായ ഓർമ്മയായി മലയാളിയുടെ മനസ്സിൽ നിറയുന്ന തന്റെ ആദ്യ സിനിമാപ്പാട്ടിനെ ഗായകൻ ഓർക്കുന്നു


■ വി.ടി. മുരളി

ഒരു പാട്ട് ഹിറ്റാവുക എന്നാൽ എന്താണ്? അതിന്റെയർത്ഥം കൂടുതൽ സിഡികൾ, കാസറ്റുകൾ വിൽക്കപ്പെടുക എന്നതാണോ? അല്ലെങ്കിൽ കൂടുതൽ കാലം തലമുറകളായി അനുവാചകരുടെ ഓർമ്മയിൽ തങ്ങി നിൽക്കുക എന്നതാണോ? 'ഓത്ത്പള്ളീലന്ന് നമ്മള്' എന്ന ഗാനം ഇതിൽ ഏതർത്ഥത്തിലാണ് ഒരു ഹിറ്റെന്ന് പറയുന്നത്? ആദ്യത്തെ അർത്ഥത്തിലല്ല എന്നു തീർച്ച. കാരണം പാട്ടിന് അന്ന് ഇന്നത്തെയത്ര വിപണിയുണ്ടായിരുന്നില്ല. ഗ്രാമഫോൺ റെക്കോർഡിന്റെ കാലം. അതുവച്ച് കേൾക്കാനുള്ള പ്ലയറുകൾ അന്ന് വീടുകളിൽ അപൂർവ്വം. ഹോട്ടലുകളിൽ മൈക്ക്സെറ്റുകാരുടെ കൈയിൽ ഒക്കെയേ അത്തരം ഉപകരണങ്ങൾ കാണൂ. അതുകൊണ്ടു വിപണനത്തിന്റെ അടിസ്ഥാനത്തിൽ ഇന്നത്തെപ്പോലെയല്ല എന്ന് തീർച്ച. പാട്ട് അനുവാചകന്റെ ഹൃദയത്തെ സ്പർശിക്കുന്നു. പലരും പല രീതിയിൽ പാട്ടുകളെ കാണുന്നു. നല്ല സംഗീതം എന്ന് മലയാളികൾ പറഞ്ഞ് കേൾക്കാറില്ല. നല്ല ശബ്ദം, എന്നേ പറയൂ. ഒരു ശബ്ദം നല്ലത് ചീത്ത എന്നൊക്കെ പറയുന്നത് എന്തർത്ഥത്തിലാണ്? ശബ്ദം വികാരത്തെ വഹിക്കുമ്പോഴാണ് നല്ല പാട്ടുകളാവുന്നത്. പലപ്പോഴും പാട്ടിനെക്കുറിച്ചുള്ള പല നിരീക്ഷണങ്ങളും ഞാൻ നടത്തിയത് സ്വന്തം പാട്ടിലുള്ള അനുഭവങ്ങളിൽ നിന്നു തന്നെയാണ്.

'ഓത്ത്പള്ളി' എന്റെ പാട്ടാണോ? അതോ പി.ടി. അബ്ദുറഹിമാന്റേതാണോ? അതുമല്ല കെ. രാഘവൻമാസ്റ്ററുടെതോ? അല്ലെങ്കിൽ മൂന്നും ചേർന്നതാണോ? പാട്ടിന്റെ അടിസ്ഥാനഘടകമായ രചനയും സംവിധാനവും പാടെ മറന്ന് പാട്ട് പാട്ടുകാരന്റേതാക്കാൻ മാത്രം മാറ്റുന്ന പ്രവണതയാണിപ്പോൾ നിലവിലുള്ളത്. അതുകൊണ്ടാണല്ലോ പി. ഭാസ്കരന് ഒരു പദ്മ അവാർഡും ലഭിക്കാതെ പോയത്. കെ. രാഘവന്റെയും ദേവരാജന്റെയും സംഗീത സംവിധാനത്തിന്റെ വാർഷികങ്ങൾ ആഘോഷിക്കാൻ മലയാളി കമ്മിറ്റികൾ ഉണ്ടാക്കാതിരുന്നത്. ആലാപനം മാത്രമാണ് പ്രധാനം എന്ന് വാദിക്കുന്നവർ ഉണ്ട്. എത്ര ആലോചിച്ചിട്ടും ഈ വാദത്തിന്റെ കാര്യം മനസ്സിലാവുന്നില്ല. പാട്ടുകാരന്റെ സംഭാവനകൾ ഇല്ല എന്നല്ല ഞാൻ പറയുന്നത്. ഒരു ട്യൂൺ ഉണ്ടാവുന്നതിലെ സർഗവാസനയെ നമുക്ക് നിഷേധിക്കാൻ കഴിയുമോ?

## പാട്ടിന്റെ പിറവി

'ഓത്ത്പള്ളി' ഒരു സിനിമാ പാട്ടാണെങ്കിലും 'തേൻതുള്ളി' എന്ന സിനിമയുടെ ഒരു തുണ്ടു ഫിലിം പോലും ഇന്നവശേഷിക്കുന്നില്ല. അന്വേഷണത്തിൽ അതിന്റെ നെഗറ്റീവ് പോലും ഇല്ല എന്നാണ് മനസ്സിലാക്കിയത്. ഈ പാട്ടിന്റെ പേരിൽ വടകരയിൽ ഒരാഘോഷം നടത്തിയിരുന്നു. വാട്ടർ അതോറിറ്റിയിലെ എന്റെ സഹപ്രവർത്തകർ എന്നോട് കാണിച്ച സ്നേഹം. ആ പരിപാടിയുടെ ഭാഗമായി സിനിമ കിട്ടുമോ എന്നന്വേഷിച്ചപ്പോഴാണ് ഒറ്റ പ്രിന്റും നെഗറ്റീവ് തന്നെയും അവശേഷിക്കുന്നില്ലെന്ന് മനസ്സിലായത്. ടി.വി. ഇല്ലാതിരുന്ന കാലത്തെ ഈ ബ്ലാക്ക് ആന്റ് വൈറ്റ് സിനിമ ടിവി വളരെ സജീവമായ ഈ കാലത്ത് ഉണ്ടായിരുന്നെങ്കിൽ എന്നത് എന്റെ സ്വകാര്യമായ ഒരാഗ്രഹമായിരുന്നു. ഇല്ലല്ലോ എന്നത് എന്റെയൊരു ദുഃഖവുമാണ്. എന്നിട്ടും ഈ പാട്ട് നിൽക്കുന്നു. സിനിമയില്ലാതെയും നിൽക്കുന്ന സിനിമാപ്പാട്ട്.



കവി പി.ടി. അബ്ദുറഹിമാൻ, കെ.പി. കുമാരൻ, നിർമ്മാതാവ് ഷാജഹാൻ, പള്ളിക്കര വി.പി. മുഹമ്മദ്, കെ. രാഘവൻ മാസ്റ്റർ തുടങ്ങിയവർ ഓത്തുപള്ളിയുടെ റിക്കോർഡിംഗ് വേളയിൽ

സിനിമ ഇറങ്ങിയ കാലത്ത് 'സിനിരമ' വാരികയിൽ ടി.എച്ച്. കോടമ്പുഴ എഴുതിയ ഒരു റിപ്പോർട്ടും വി.ആർ. സുധീഷ് 'ആത്മഗാന'ത്തിലെഴുതിയ ഒരു ചെറിയ കുറിപ്പും പിന്നീട് 'ചിത്രഭൂമി'യിൽ രാജേന്ദ്രൻ എടത്തുംകര ഈ പാട്ടിനെക്കുറിച്ചെഴുതിയ ഒരു ലേഖനവുമല്ലാതെ പാട്ടിനെ പരിചയപ്പെടുത്തുന്ന എഴുത്തുകളും ഉണ്ടായിട്ടില്ല. ഇന്നാണെങ്കിൽ ഒരു പാട്ടിനെ ശ്രദ്ധേയമാക്കാനുള്ള ഒരുപാട് വിദ്യകൾ ഉണ്ട്. നവാഗതനായ ഒരു ഗായകൻ എന്ന നിലയ്ക്ക് എനിക്ക് ഒരു ഇടവും അന്നത്തെ മാദ്ധ്യമങ്ങൾ നൽകിയിരുന്നില്ല. അതിനായി ഞാൻ കൊതിച്ചു പോയിട്ടുണ്ട്.

പി.ടി. അബ്ദുറഹിമാൻ എഴുതിയ ഈ ഗാനം സിനിമയ്ക്ക് മുൻപെ വടകര കൃഷ്ണദാസ് ഈണം നൽകി പാടിയിരുന്നു. വി.എം. കുട്ടി മാസ്റ്ററുടെ വേദികളിൽ. മാപ്പിളപ്പാട്ടു പരിപാടികൾ തന്നെ ഞാൻ വളരെ അപൂർവ്വമായേ കേട്ടിരുന്നുള്ളൂ അക്കാലത്ത്. ആ രംഗം തീരെ പരിചിതമായിരുന്നില്ല എന്നു മാത്രമല്ല, ശാസ്ത്രീയ സംഗീത വിദ്യാർത്ഥിയായിരുന്ന എനിക്ക് അത്ര മതിപ്പ് തോന്നിയ ഒരു സംഗീത ശൈലിയുമായിരുന്നില്ല മാപ്പിളപ്പാട്ട്. കൃഷ്ണദാസ് മാസ്റ്ററോടൊപ്പം ഒരുമിച്ച് വേദിയിൽ വരുമ്പോൾ അദ്ദേഹം പാടുന്നത് കേട്ടിട്ടുണ്ട്. അദ്ദേഹം പാടുമ്പോൾ മാത്രം ആ ഗാനം എന്നെ ആകർഷിച്ചിട്ടുണ്ട്. മറ്റാർക്കും പാടാൻ കഴിയാത്ത ഒരു ശൈലി. ഈ പാട്ട് തന്നെയാണ് രാഘവൻ മാസ്റ്ററുടെ കൈകളിലെത്തുന്നത്. ഒരു വ്യത്യാസം നേരത്തെ ഒരു പ്രത്യേക കഥാസന്ദർഭത്തിനു വേണ്ടിയല്ല ഇത് രചിക്കപ്പെട്ടത്. പി.ടിയുടെ ഇത്തരത്തിലുള്ള മറ്റു ചില പാട്ടുകളുമുണ്ട്. രാഘവൻ മാസ്റ്ററുടെ കൈയിലെത്തുമ്പോൾ പാട്ടിനോടൊപ്പം സംവിധായകൻ കെ.പി. കുമാരന്റെ ചിത്രീകരണത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങളും തിരക്കഥാകൃത്ത് പള്ളിക്കര വി.പി. മുഹമ്മദ് എഴുതിവച്ച ഗാനസന്ദർഭവും ഉണ്ട്.

രചനാസംബന്ധിയായ ഒരുപാട് സവിശേഷതകൾ ഈ പാട്ടിനുണ്ട്. പാടുന്ന കാലത്ത് ഞാൻ അതേക്കുറിച്ചൊന്നും ബോധവാനായിരുന്നില്ല പിന്നീട് മനസ്സിലായ കാര്യങ്ങളാണിത്. ഭൂതവും വർത്തമാനവും ഇഴുകിച്ചേർന്ന ഒരു ആവിഷ്ക്കാര രീതി. കുട്ടിക്കാലത്തെ ഓർമ്മിപ്പിച്ചുകൊണ്ടു തുടങ്ങുന്ന ഗാനം രണ്ടുവരികൾകൊണ്ട് മാറ്റി വർത്തമാന കാലത്തിലേക്ക് വരുന്നു. നേരത്തെ ഞാൻ സൂചിപ്പിച്ച ഗാനത്തിലും ഈ കൈയടക്കം പി.ടി. കാണിക്കുന്നുണ്ട്. 'കണ്ണിമാവിൻ ചോട്ടിലെന്നെ നീ വിളിച്ചില്ലേ' എന്ന ഗാനത്തിന്റെ മദ്ധ്യഭാഗം ഇങ്ങനെയാണ്.

"കാലമാകും കാട്ടരുവി പാഞ്ഞു  
പോകുന്ന കാഴ്ച  
കണ്ടുനിൽക്കെ നമ്മളും വളർന്നു  
പോയില്ലേ"

'ഓത്ത്പള്ളി'യിലും മറ്റൊരുരീതിയിൽ കാലത്തെ മാറ്റിയെടുക്കുന്നു.


വി.ടി. കുമാരൻ മാസ്റ്റർ

"കാലമാമിലഞ്ഞിയെത്ര
പൂക്കൾ പൊഴിച്ചു
കാത്തിരിപ്പും മോഹവും
ഇന്നെങ്ങിനെ പിഴച്ചു"

ഗാനരചനയിലെ സവിശേഷതകൾ പാട്ടിനെ പ്രശസ്തമാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. രാഘവൻ മാസ്റ്ററുടെ ഈണത്തിൽ പാട്ടിന് മാപ്പിളത്വം കൈവന്നു. സിന്ധു ഭൈരവിയുടെ ഛായകൾ കാണാമെങ്കിലും മാപ്പിളപ്പാട്ടിന്റെ ഇശൽ അടിസ്ഥാനമാക്കിയുള്ള 'താമരപ്പൂങ്കാവനത്തില്' എന്ന ഇശലിനെ വേറൊരു രീതിയിലേക്ക് മാറ്റുകയാണ് മാസ്റ്റർ ചെയ്യുന്നത്. ഒരു രാഗത്തിൽ നിന്ന് പല ഈണങ്ങൾ ഉണ്ടാവുന്നതുപോലെ. 'തേൻതുള്ളി'യിലെ കഥാപാത്രം ബാല്യകാലത്തിലേക്ക് തിരിഞ്ഞുനോക്കുകയാണ്. പാട്ടിനായി ഉപയോഗിച്ച ഈണത്തിന് പുറമെ അതിൽ ഉപയോഗിച്ച ഉപകരണത്തിന്റെ പ്രയോഗം എല്ലാം ആ ഭാവത്തോടും കഥാപാത്രത്തിന്റെ സംസ്കാരത്തോടും ചേർന്നതായിരിക്കണം എന്ന് മാസ്റ്റർ നിഷ്കർഷിക്കുന്നു. എല്ലാം കൂടിചേർന്നപ്പോൾ ഒരു പാട്ട് ജനിക്കുകയായി.

## അച്ഛനോടുള്ള കടപ്പാട്

1978-ലാണ് എന്റെ പിതാവ് വി.ടി. കുമാരൻ മാസ്റ്റർ പക്ഷാഘാതം പിടിപെട്ട് മെഡിക്കൽ കോളേജിലാവുന്നത്. ഞാൻ സ്വാതിതിരുനാൾ സംഗീതകോളേജിലെ വിദ്യാർത്ഥി. ശരീരത്തിന്റെ വലതുഭാഗം തളർന്നുപോയി എന്നത് മാത്രമല്ലായിരുന്നു ഈ ആഘാതത്തിന്റെ ഫലം. തനിക്കറിയാവുന്ന ഭാഷകൾ (മലയാളം, ഇംഗ്ലീഷ്, സംസ്കൃതം, ബംഗാളി, ഹിന്ദി, അറബി തുടങ്ങിയവ) എല്ലാം ഒറ്റയടിക്ക് മറന്നുപോകുന്നു. ഞങ്ങളുടെയൊന്നും പേരുകൾ പോലും ഓർമ്മയില്ലാത്ത അവസ്ഥ. അച്ഛനുമായി ബന്ധപ്പെട്ട എല്ലാവരെയും ദുഃഖത്തിലാഴ്ത്തിയ സംഭവമായിരുന്നു അത്.

ഈ സമയത്ത് രാഘവൻ മാസ്റ്റർ 'തേൻതുള്ളി'യിലെ പാട്ടുകളുടെ കമ്പോസിങ്ങുമായി ബന്ധപ്പെട്ട് വടകരയിൽ ഉണ്ടായിരുന്നു. വടകരയിൽ നിന്നൊരു സിനിമ ഉണ്ടാവുക. ആ സിനിമയുടെ പിന്നിൽ പ്രവർത്തിക്കുന്നവരൊക്കെ വടക്കുള്ളവർ തന്നെയാവുക. അവരെല്ലാം അച്ഛനെ ഗുരുതുല്യം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവരാവുക. സ്വാഭാവികമായും സിനിമാ പ്രവർത്തകരെല്ലാം വലിയ ദുഃഖത്തിലായി. അതുവരെയും അവരുടെ കൂടെ ഉണ്ടായിരുന്ന ഒരാൾ പെട്ടെന്ന് ഈയവസ്ഥയിലാവുക എന്നത് ചിന്തിക്കാൻ കഴിയാത്ത കാര്യമായിരുന്നു. അച്ഛൻ മെഡിക്കൽ കോളേജിൽ കിടക്കുന്നത് കണ്ടുകൊണ്ടാണ് സിനിമയുടെ പ്രവർത്തകർ മദ്രാസിലേക്ക് വണ്ടി കയറുന്നത്. ഇവരുടെ ആത്മനൊമ്പരമാണ് എന്നെ സിനിമയിലെത്തിച്ചത്.

കുമാരൻ മാസ്റ്റർക്ക് വേണ്ടി നമുക്കെന്ത് ചെയ്യാൻ കഴിയും എന്നതിൽ നിന്നുണ്ടായതാണ് എന്റെ സിനിമാ പ്രവേശം. സംഗീത വിദ്യാർത്ഥിയായ മുരളിയെക്കൊണ്ട് പാടിച്ചാലോ എന്ന തോന്നൽ അവരിൽ അങ്കുരിച്ചെങ്കിലും രാഘവൻ മാസ്റ്ററും നിർമ്മാതാവ് പി.വി. ഷാജഹാനും സംവിധായകൻ കെ.പി. കുമാരനും അംഗീകരിക്കണമല്ലോ. രാഘവൻ മാസ്റ്ററുടെ വാക്കുകൾ പരമപ്രധാനം. തന്റെ പാട്ടുകൾ പാടിച്ചെടുക്കാം എന്ന ബോദ്ധ്യം അദ്ദേഹത്തിനില്ലെങ്കിൽ ഈ നിർദ്ദേശം അദ്ദേഹം നിരസിക്കുമല്ലോ. എല്ലാവരും സമ്മതിച്ചു. പുതുതായി ഒരു സിനിമ നിർമ്മിക്കുന്ന ആൾക്ക് തന്റെ സിനിമയിൽ യേശുദാസ് പാടണം എന്ന ആഗ്രഹമുണ്ടാവുക സ്വാഭാവികം. എന്റെ പാട്ട് ഒരിക്കൽപോലും കേട്ടിട്ടില്ലാത്ത ഷാജിക്ക അത് സമ്മതിച്ചു. ജീവിതത്തിൽ എനിക്കൊരിക്കലും മറക്കാൻ കഴിയാത്ത, ഒരിക്കലും മറക്കാൻ പാടില്ലാത്ത കാര്യമാണിത്.

സിനിമയിൽ ഓരോ കലാകാരനും രംഗപ്രവേശം ചെയ്യുമ്പോൾ അതിന് സഹായകമായി നിന്ന നിർമ്മാതാവിനെ ആരും സ്മരിക്കാറില്ല. എന്റെ സംഗീത രംഗത്തെ വളർച്ചയിൽ സംഗീതം പഠിപ്പിച്ച ഗുരുക്കന്മാർക്ക് മാത്രമല്ല ഇവർക്കൊക്കെയുമുണ്ട് സ്ഥാനം. അങ്ങനെ ഇവരോരുത്തരുടെയും പൂർണസമ്മതത്തോടെയാണ് ഞാൻ 'തേൻതുള്ളി'യിൽ പാടുന്നത്. 'ഓത്ത്പള്ളി', 'കാലത്തെ ജയിക്കുവാൻ' രണ്ടു ഗാനങ്ങൾ എന്റേതും കൂടിയാവുന്നതങ്ങനെയാണ്. എന്റെ അച്ഛനോടും ഇക്കാര്യത്തിൽ മറ്റെല്ലാ കാര്യങ്ങളെയും പോലെ ഞാൻ കടപ്പെട്ടിരിക്കുന്നു.

## അന്ധാളിപ്പുണ്ടാക്കിയ ഒരു ഫോൺവിളി

കോഴിക്കോട്ട് മെഡിക്കൽ കോളേജിലാണ് ഞങ്ങളെല്ലാം. അമ്മയും ഞങ്ങൾ മക്കളും. ഇന്നത്തെപ്പോലെ ഫോൺ വ്യാപകമല്ലല്ലോ എഴുപതുകളിൽ. മെഡിക്കൽ കോളേജ് ഓഫീസിലെ ഫോൺ മാത്രമേ രക്ഷയുള്ളൂ. മദ്രാസിൽ നിന്നൊരു ട്രങ്ക് കാൾ ഉണ്ട് എന്ന് പറഞ്ഞു ഓഫീസിൽ നിന്നൊരാൾ വന്നു. അച്ഛന്റെ രോഗവിവരം അന്വേഷിക്കാനായിരിക്കും എന്നാണാദ്യം കരുതിയത്. അന്നത്തെ മദ്രാസ് മെയിലിന് പിറ്റേ ദിവസം രാവിലെ മദ്രാസിലെത്തണം എന്നാണ് ഫോൺ. ഞാൻ അന്തിച്ചുപോയി. ഈയവസ്ഥയിൽ ഇവിടെ നിന്ന് വിട്ടുനിൽക്കാൻ കഴിയുമോ എന്ന് ഡോക്ടറോട് ചോദിച്ചു. ആശങ്കപ്പെടാനൊന്നുമില്ലെന്നും പോയ്ക്കൊള്ളാനും ഡോക്ടർ പറഞ്ഞെങ്കിലും എന്റെയുള്ളിൽ വല്ലാത്ത ഒരു പേടിയായിരുന്നു.

ഒന്നാമത് ഞാൻ സിനിമയിൽ പാടുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടേ ഇല്ല. സിനിമയിൽ പാടുന്നത് ഏത് പാട്ടുകാരനും ഇഷ്ടമാണെങ്കിലും എനിക്കൊക്കെ അപ്രാപ്യമായ ഒരു കാര്യമാണത് എന്നാണ് ഞാൻ ധരിച്ചിരുന്നത്. മറുവശത്ത് അച്ഛന്റെ അസുഖവും. അച്ഛന്റെ അവസ്ഥയിൽ ആശങ്ക

പൂർണമായി വിട്ടുമാറിയിട്ടില്ലായിരുന്നു. ഏതായാലും പോകാൻ തന്നെ എല്ലാവരും ഉപദേശിച്ചു. ഞാൻ മദിരാശിയിലേക്ക് വണ്ടി കയറി.

മദിരാശിയിൽ പോകുന്നതും ആദ്യമായിട്ടാണ്. സ്റ്റേഷനിൽ എസ്.വി. അബ്ദുള്ളയും മറ്റും കാത്തുനിൽക്കുന്നുണ്ടായിരുന്നു. വണ്ടിയിറങ്ങി കുളിയും മറ്റും കഴിഞ്ഞ് നേരെ മാസ്റ്ററുടെ വീട്ടിലേക്കാണ് പോകുന്നത്. എത്രയോ മഹാന്മാരെക്കൊണ്ട് പാടിച്ചിട്ടുള്ള ഒരു മഹാപ്രതിഭയുടെ മുന്നിലാണ് ഞാൻ നിൽക്കുന്നത്. യേശുദാസ്, ജയചന്ദ്രൻ തുടങ്ങിയവർ മാത്രമല്ല, ഡോ. ബാലമുരളീകൃഷ്ണ, ശീർകാഴി ഗോവിന്ദരാജൻ, എം.എൽ. വസന്തകുമാരി തുടങ്ങിയ ശാസ്ത്രീയ സംഗീതജ്ഞരും ഈ ലിസ്റ്റിൽ വരുന്നു. എന്നോട് എങ്ങനെ പ്രതികരിക്കും എന്നൊന്നും നിശ്ചയമില്ല. ഞാനൊതുങ്ങി ഇരുന്നു. അപ്പോഴാണ് എനിക്ക് രണ്ടു പാട്ടുകൾ പാടാനുണ്ട് എന്നറിയുന്നത്. എന്റെ അവിശ്വസനീയത കൂടി. രണ്ടും രണ്ട് തരത്തിലുള്ള പാട്ടുകൾ. ഒന്ന് മാപ്പിളപ്പാട്ടാണെങ്കിൽ മറ്റൊരു കവിത. അന്ന് തന്നെ രണ്ടുപാട്ടുകളും പഠിച്ചു. പാട്ടുകൾ മാസ്റ്റർ പാടി കേട്ടപ്പോൾ തന്നെ എനിക്ക് ബോദ്ധ്യമായിരുന്നു ഹിറ്റാവുമെന്ന്. ഇനി എന്റെ കൈകളിലാണ്. ഞാൻ മോശമായി പാടിയാൽ മാത്രമേ പരാജയപ്പെടൂ. പിറ്റേദിവസം റെക്കോർഡിംഗ്. ഞാൻ എല്ലാ ദൈവങ്ങളെയും വിളിച്ചു.

സിനിമയിൽ ആകെ നാലുഗാനങ്ങൾ. രണ്ടെണ്ണം ഞാൻ പാടുന്നു. ഒന്ന്, പി. സുശീല, മറ്റൊന്ന് പീർ മുഹമ്മദ്, ഹമീദ് ഷർവാണി, എം.പി. ഉമ്മർകുട്ടി, എ. ഉമ്മർ എന്നിവർ ചേർന്നുപാടുന്നു. 'മൊഹിയുദ്ദീൻ മാല'യിലെ ഒരു ഭാഗം, 'ഓത്ത്പള്ളി' മാപ്പിളപ്പാട്ടിൽ നിന്ന് വികസിപ്പിച്ച ഒരുഗാനം, 'മൊഹിയുദ്ദീൻ മാല' തനി പാരമ്പര്യാധിഷ്ഠിതമായ ഈണം. ഇശൽ.

എ.വി.എം.ആർ.ആർ. തിയേറ്ററിൽ എത്തിയപ്പോൾ ഞാൻ ആകെ അദ്ഭുതപ്പെട്ട്, പകച്ചുനിന്നുപോയി. ആദ്യമായല്ലെ അത്തരമൊരു സ്റ്റുഡിയോ കാണുന്നത്. വലിയ സ്പൂൾ റെക്കോർഡർ. ഉപകരണവാദ്യങ്ങളും ഗായകരും ഒക്കെ ഒരുമിച്ച് പാടുകയും വായിക്കുകയും ചെയ്യുന്ന രീതി. പൂജ കഴിഞ്ഞ് ആദ്യമെടുത്തത് പി. സുശീലയുടെ ഗാനമാണ്. 'തേൻതുള്ളി'യിൽ ശ്രദ്ധിക്കപ്പെടാതെ പോയ ഗാനമാണ് ഇത്. ചില നല്ല ഗാനങ്ങൾ ജനശ്രദ്ധയിലേക്ക് വരുന്നില്ല എന്നത് ഒരു സത്യമാണ്. എന്റെ രണ്ടു പാട്ടുകളിൽ തന്നെ 'ഓർത്ത്പള്ളി'ക്ക് ലഭിച്ച സ്വീകാര്യത 'കാലത്തെ ജയിക്കുവാൻ' ലഭിച്ചില്ല. രണ്ടും രണ്ട് രീതിയിൽ നല്ല ഗാനങ്ങളാണ്. പി. സുശീല പാടി.

"മോഹമിതളിട്ട പൂവ്
ദാഹാർത്തമാമൊരു നാവ്
പൂവിതളിൽ നിന്നിറ്റി
നാവിലലിയാനാഞ്ഞ
തേൻതുള്ളിയെന്നിൽ കിനാവ്"

എങ്ങനെയാണ് ഈ പാട്ട് അവർ പാടിയതിനെക്കുറിച്ച് വിശദീകരിക്കേണ്ടതെന്നറിയില്ല. സംവിധാനത്തിൽ തന്നെ പ്രസക്തിയുള്ള ഒരു ഗാനമാണിത്. എല്ലാ സ്വരസ്ഥാനങ്ങളിലൂടെയും സഞ്ചരിക്കുന്ന ഒരീണം. സുശീലയുടെ മലയാള ഉച്ചാരണം മാസ്റ്റർ തിരുത്തിയെടുക്കുന്നുണ്ടായിരുന്നു. ഉച്ചാരണപ്പിശക് കണക്കിലെടുക്കാതിരുന്നാൽ തന്നെ തന്റെ ആലാപനത്തിലൂടെ വികാരത്തിന്റെ ഒരു പ്രപഞ്ചം സൃഷ്ടിക്കുവാൻ സുശീലയ്ക്ക് കഴിയുന്നു. മാസ്റ്ററുടെ 'പതിവായി പൗർണമിതോറും', 'മാനത്തെ മഴമുകിൽ' തുടങ്ങിയ പാട്ടുകൾ അവർ ആലപിച്ചിരിക്കുന്നത്


വി.ടി. മുരളി

ശ്രദ്ധിക്കുക. അവരുടെ ആലാപന ശൈലി മാസ്റ്റർക്ക് വലിയ ഇഷ്ടമാണ്. 'മാനത്തെ മഴമുകിൽ' എന്ന ഗാനത്തിനാധാരമായ നാടോടിപ്പാട്ട് മാസ്റ്റർ പാടിക്കൊടുക്കുകയും അങ്ങനെ പാടാൻ തന്നെക്കൊണ്ട് പറ്റില്ല എന്ന് അവർ പറയുകയും ചെയ്തുവത്രെ.

## രാഘവൻ മാസ്റ്ററുടെ രീതികൾ

നാടോടിപ്പാട്ടുകളിൽ വരുന്ന സ്വരങ്ങൾ ചിലപ്പോൾ നമ്മുടെ സംഗീതത്തിലെ ചില സ്വരങ്ങളുടെ രണ്ടിന്റെയും ഇടയിലായിരിക്കും. നല്ല പരിശീലനമുണ്ടെങ്കിലേ പാടാൻ കഴിയൂ. ഭാവത്തിലും ഭാഷയിലുമൊക്കെ മാസ്റ്റർ ഇടയ്ക്കിടയ്ക്ക് തിരുത്തുന്നുണ്ടായിരുന്നു. ഇതൊക്കെ കേട്ടിരിക്കുന്ന എന്റെ സ്ഥിതി ആലോചിച്ചു നോക്കൂ. അടുത്തത് എന്റെ ഊഴമല്ലേ. സുശീലയെപ്പോലൊരു ഗായികയെ ഇങ്ങനെ തിരുത്തിയെങ്കിൽ എന്റെ സ്ഥിതി എന്തായിരിക്കും. തലകറങ്ങി വീഴുമോയെന്ന് പോലും ഞാൻ ഭയപ്പെട്ടു. ചിലപ്പോൾ അച്ഛന്റെ അവസ്ഥ കണക്കിലെടുത്ത് ഒന്നും പറയുകയില്ലായിരിക്കും. എന്നാലും ഞാൻ പരാജയപ്പെടരുതല്ലോ.

വില്യാപ്പള്ളി രാജൻ മാസ്റ്ററും എസ്.വിയുമൊക്കെ എന്നെ ധൈര്യപ്പെടുത്തി. സിനിമാപ്പാട്ട് പാടണമെന്ന മോഹവുമായി ആരേയും ഞാൻ ബന്ധപ്പെട്ടിട്ടില്ല. ആ നിമിഷത്തിൽ തോന്നിയത് ഇതിനൊന്നും വരേണ്ടിയിരുന്നില്ല എന്നാണ്. എല്ലാം എനിക്കപരിചിതമായ കാര്യങ്ങൾ. വലിയ സിനിമാ തിയേറ്റർ മാതിരിയുള്ള സ്റ്റുഡിയോ, 35 എം.എം. ഫിലിമിന്റെ അത്രതന്നെയുള്ള ടേപ്പ്, ഓരോ ഉപകരണത്തിനും പ്രത്യേകം പ്രത്യേകം ബൂത്തുകൾ. തായമ്പൻ എന്ന അസിസ്റ്റന്റ്. ദക്ഷിണേന്ത്യയിലെ തന്നെ വലിയ ഉപകരണ വാദ്യക്കാർ. എല്ലാം പുതിയ അനുഭവങ്ങളായിരുന്നു. പിന്നീടെപ്പോഴോ ഒരു സിനിമാ വാരികയിൽ വന്ന ഫോട്ടോ കണ്ടാണ് എന്റെ 'കാലത്തെ ജയിക്കുവാൻ' എന്ന ഗാനത്തിന് ഫ്ലൂട്ട് വായിച്ചത് പ്രശസ്തനായ ഗുണസിങ്ങായിരുന്നു എന്ന് ഞാൻ മനസ്സിലാക്കിയത്.

വളരെ പ്രഗത്ഭരായ പലരും വെറും സൈക്കിളിലാണ് സ്റ്റുഡിയോയിൽ എത്തിയത്. 'ഓത്ത്പള്ളിക്ക്' ഷെഹനായ് വായിച്ച കലാകാരൻ ഒരു സൈക്കിളിൽ വന്നിറങ്ങിയ ചിത്രം എന്റെ ഓർമ്മയിലുണ്ട്. എല്ലാവരും ഒരുമിച്ചിരുന്നു റിഹേഴ്സൽ ചെയ്യുന്നു. എന്റെ പാട്ടുകൾ രണ്ടും ഞാൻ തലേന്ന് പഠിച്ചിരുന്നല്ലോ. പാട്ടിന്റെ റിഹേഴ്സൽ തുടങ്ങിയപ്പോൾ ചെറിയ ആത്മവിശ്വാസം വന്നു. മാസ്റ്റർ ഇടയ്ക്ക് മിസ്റ്റർ ഭൈരവൻ എന്ന് വിളിക്കും. ഭൈരവൻ ഒരു തബലിസ്റ്റായിരുന്നു. വടകരയിലെ ബാലനായിരുന്നു മുഖ്യ തബലിസ്റ്റ്. റിക്കോഡിംഗ് മൈക്കിന് സമീപം നിർത്തി കുറെ ഫോട്ടോകൾ എടുത്തു. സിനിമാ പ്രവർത്തകർ എല്ലാം നിന്ന് ഗ്രൂപ്പ് ഫോട്ടോയും എടുത്തു. അപ്പോഴൊക്കെ എന്റെ മനസ്സിൽ പാട്ടു മാത്രമായിരുന്നു. അതുവരെയും ഞാൻ മാസ്റ്ററുടെ റേഡിയോ ഗാനങ്ങൾ പാടിയിട്ടുണ്ട്. കൃഷ്ണദാസ് മാസ്റ്ററോടൊപ്പം കുറച്ച് നാടകത്തിനുവേണ്ടിയും പിൻപാട്ട് പാടിയിട്ടുണ്ട്. സ്റ്റുഡിയോവിൽ കയറിയാൽ അതുവരെയുള്ള സൗഹൃദമുണ്ടാവില്ല മാസ്റ്റർക്ക്.

റേഡിയോ ഗാനങ്ങൾക്ക് പുറമെ പിൽക്കാലത്ത് ഞാൻ നിരവധി നാടകഗാനങ്ങൾ മാസ്റ്ററുടേതായി പാടിയിട്ടുണ്ട്. കെ.പി.എ.സി. തുടങ്ങിയ നാടക സമിതികൾക്കായി. തന്റെ മനസ്സിലുള്ള പാട്ടിന്റെ പൂർണത ലഭിക്കുകയില്ലെങ്കിലും ആവുന്നതുവരെ അദ്ദേഹം പാടിച്ചുകൊണ്ടേയിരിക്കും.

റെക്കോർഡിംഗ് സംവിധാനത്തിൽ വന്ന മാറ്റങ്ങൾ പോലും പെട്ടെന്നങ്ങ് ദഹിച്ചിട്ടില്ലായിരുന്നു മാസ്റ്റർക്ക്. ഉപകരണവാദ്യങ്ങളിൽ വന്ന മാറ്റങ്ങളും; എല്ലാം പിൽക്കാലത്ത് അംഗീകരിച്ചുവെങ്കിലും. താൻ പരിചയപ്പെട്ട ആ പഴയ ഉപകരണ സംഗീതക്കാരിൽ നിന്ന് ലഭിച്ച സംഗീതം പോലെ പുതിയ തലമുറയിൽനിന്ന്, പുതിയ സാങ്കേതിക വിദ്യയിൽനിന്ന് കിട്ടാത്തത് പോലെ.

## വിവരണാതീതമായ മനോനില

'ഓത്ത്പള്ളി'യും 'കാലത്തെ ജയിക്കുവാനും' ശബ്ദലേഖനം ചെയ്തുകഴിഞ്ഞു കേട്ടപ്പോൾ ഉള്ള അനുഭവം എനിക്ക് വിവരിക്കുവാൻ കഴിയില്ല. ഞാൻ എന്തോ നേടിയതുപോലെ. അച്ഛന്റെ അസുഖവും എല്ലാം ഞാൻ മറന്നു. ഞാനിതാ സിനിമാ പാട്ടുകാരനായിരിക്കുന്നു. പാട്ടു കേൾക്കുമ്പോൾ മറ്റുള്ളവരുടെ മുഖത്താണ് ഞാൻ നോക്കിയിരുന്നത്. അവരുടെ മുഖഭാവത്തെ സന്തോഷത്തോടൊപ്പം എന്റെ മനസ്സിൽ വലിയ ഭീതിയും. മാസ്റ്റർ എന്തു പറയും? രണ്ടു ടേക്കുകൾ കൊണ്ടു തന്നെ മാസ്റ്റർ ഓ കെ ചെയ്തെങ്കിലും എന്തെങ്കിലുമാവട്ടെ എന്ന് കരുതി അങ്ങനെ ചെയ്തതാവുമോ? അങ്ങനെ ചെയ്യുന്ന ആളല്ല മാസ്റ്റർ.

റെക്കോർഡിംഗ് ഇന്നത്തെപ്പോലെയല്ല. ആർക്കു തെറ്റിയാലും വീണ്ടും ടേക്ക് എടുക്കേണ്ടി വരും. ഉപകരണവാദ്യക്കാർ മുഴുവൻ നോട്ടേഷൻ വെച്ചാണല്ലോ വായിക്കുന്നത് പ്രഗത്ഭരായ കലാകാരന്മാരാണവരൊക്കെ. അവർക്ക് തെറ്റുപറ്റുകയില്ല. എന്റെ സ്ഥിതി അതാണോ?

ആ നിമിഷങ്ങൾ എനിക്കിപ്പോഴും ഓർക്കാം. ഞാനനുഭവിച്ച മാനസിക സംഘർഷം. പക്ഷേ, മറ്റൊന്നുണ്ട്. പുതിയ ശബ്ദങ്ങൾക്കായി കാതോർക്കുന്ന ആളാണ് മാസ്റ്റർ. ഉദയഭാനുവിനെയും ബ്രഹ്മാനന്ദനെയും ഒക്കെ രംഗത്തെത്തിച്ചത് വൈവിധ്യത്തെക്കുറിച്ചുള്ള അന്വേഷണം അദ്ദേഹത്തിനുള്ളത് കൊണ്ടാണ്. എന്റെ ശബ്ദം വികാരപരമാണെങ്കിൽ മാസ്റ്റർ അംഗീകരിക്കും. തന്റെ ഗാനത്തിലെ സൂക്ഷ്മാംശങ്ങൾ സ്വാംശീകരിച്ചിട്ടുണ്ടോ എന്ന് അദ്ദേഹം ശ്രദ്ധിക്കും. എല്ലാവരുടെയും മുഖം പ്രസന്നമാണ്. പി.ടിയും എസ്.വിയും എന്നെ കെട്ടിപ്പിടിച്ചു. മാസ്റ്റർ തന്റെ സ്വതസിദ്ധമായ ഗൗരവത്തിൽ ഒന്ന് ചിരിക്കുക മാത്രം ചെയ്തു. എന്റെ ഉള്ളിൽ ആഹ്ലാദം തിരയടിച്ചു. നാളെ യേശുദാസിനൊപ്പം, ജയചന്ദ്രനൊപ്പം എന്റെ പേരും പറയുമല്ലോ മലയാളി. ഞാനും സിനിമാപ്പാട്ടുകാരനായിരിക്കുന്നു.

എനിക്ക് നാട്ടിലെത്താൻ തിരക്കായി. സിനിമയുടെ പിന്നിൽ പ്രവർത്തിച്ചവരെയൊക്കെ ഞാൻ എങ്ങനെയാണ് നന്ദി അറിയിക്കുക. ഷാജിക്കായെ ഞാൻ നോക്കി. ആദ്യമായി ഒരു സിനിമ നിർമ്മിക്കുന്ന ആളല്ലെ. അദ്ദേഹം തൃപ്തനാണോ? എല്ലാവരുടെയും മുഖത്ത് സന്തോഷമേ ഉള്ളൂ. എന്റെ

ഓത്തുപള്ളിയുടെ റിക്കാർഡിംഗ്



സുഹൃത്തുക്കൾ, നാട്ടുകാർ, സഹപാഠികൾ എല്ലാവരുടെയും ഇടയിൽ ഞാൻ ഒരു ഹീറോ ആവുകയാണ്. ഇന്നത്തെപ്പോലെയല്ല മുപ്പത്തിമൂന്ന് കൊല്ലം മുൻപെയുള്ള കാര്യമാണ്. ഞാൻ തിരിച്ചെത്തിയത് നേരെ മെഡിക്കൽ കോളേജിൽ. പിന്നെ സിനിമയുടെ വാർത്തകൾ ഒന്നുമറിയില്ല. വടകരയും പരിസര പ്രദേശങ്ങളിലും ഷൂട്ടിംഗ് നടക്കുന്നുവെന്നറിഞ്ഞുവെങ്കിലും പോകാൻ കഴിഞ്ഞില്ല. ആദ്യമായി ഒരു സിനിമയിൽ പാടിയിട്ട്, ആ സിനിമയുടെ ഷൂട്ടിംഗ് സ്വന്തം നാട്ടിൽ നടന്നിട്ടുപോലും അതിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല.

സുകുമാരൻ, രവിമേനോൻ, ശ്രീവിദ്യ തുടങ്ങിയ നടീനടന്മാർ അഭിനയിക്കുന്നു. വടകരയിൽ ആകെ ബഹളം തന്നെ. വർഷങ്ങൾക്കു മുൻപ് സാന്റ് ബാങ്ക്സിൽ 'അമ്മയെ കാണാൻ' എന്ന സിനിമയുടെ ഷൂട്ടിംഗ് നടന്നതിന്റെ ഓർമ്മകൾ പലരും പറയാറുണ്ട്. സത്യൻ, അംബിക തുടങ്ങിയവരെ കണ്ട കഥകൾ. അക്കാലത്ത് വടകരയിലെ ഒരു മഹാസംഭവമായിരുന്നു അത്. പിന്നീട് 'തേൻതുള്ളി'യുടെ ഷൂട്ടിംഗായിരിക്കും ഇത്രയും താരനിബിഡമായി വടകരയിൽ നടന്നത്. 'ഓത്ത്പള്ളി' ഗാനത്തിന് കുട്ടികളായി അഭിനയിച്ചത് വി.പിയുടെ മകൾ താഹിറയും ഇന്നത്തെ സംവിധായകൻ അലി അക്ബറുമായിരുന്നു. പാട്ടുകളുടെ റെക്കോർഡ് ഇറങ്ങിക്കഴിഞ്ഞിരുന്നു. എന്റെ കൈയിൽ പ്ളെയർ ഇല്ല. അന്ന് കാസറ്റ് പ്ളെയർ ഇറങ്ങിയിട്ടില്ല. വടകരയിലെ സവിത ഹോട്ടലിൽ വച്ച് ആ പാട്ടുകൾ കേട്ടത് ഇപ്പോഴും ഞാൻ ഓർക്കുന്നു. ഹൃദയമിടിപ്പ് കൂടുന്നതുപോലെ, എന്റെ ശബ്ദമിതാ ഒരു പൊതുസ്ഥലത്ത് നിന്ന് കേൾക്കുന്നു. ഇത്തരം അനുഭവം എല്ലാവർക്കും ഉണ്ടായിരിക്കും. സിനിമ പുറത്തു വരുമ്പോഴേക്കും പിന്നെയും കുറെ കഴിഞ്ഞിരുന്നു. വടകര ജയഭാരത് ടാക്കീസിൽ വച്ചായിരുന്നു സിനിമ കണ്ടത്. സിനിമ വിജയിച്ചില്ലെങ്കിലും 'ഓത്ത്പള്ളി' ഒരു നല്ല ഗാനമായി രേഖപ്പെടുത്തപ്പെട്ടു.

പിന്നീടെത്ര വേദികളിൽ ഈ ഗാനം ഞാൻ ആലപിച്ചിട്ടുണ്ട്? ഗാനമേളകൾ, ഉദ്ഘാടനങ്ങൾ, മറ്റു സാംസ്കാരിക പരിപാടികൾ എല്ലാറ്റിലും ഈ ഗാനത്തിന് ആവശ്യക്കാരുണ്ടായി. ഇങ്ങനെയൊരു മാപ്പിളപ്പാട്ട് ഹിറ്റായപ്പോൾ എന്റെ മനസ്സിൽ മറ്റു ചില ആശകൾ പൂവിട്ടു. സിനിമയിൽ പാടിയത് കൊണ്ട് ഞാൻ സ്വപ്നം കണ്ട ഗമയൊന്നും വടകരക്കാർ എനിക്ക് തന്നിട്ടില്ല. അത് വടകരയുടെ ഒരു പ്രത്യേകത കൂടിയായിരിക്കാം. ആരേയും വല്ലാതെയങ്ങ് വളർത്തിക്കളയില്ല.

## തീരാത്ത സങ്കടം

അച്ഛന്റെ അസുഖം, എല്ലാവരുടെയും പഠിത്തം അമ്മയുടെ വരുമാനം കൊണ്ട് മാത്രം നിവൃത്തിക്കണം ഇതൊക്കെ. കുറച്ചു പരിപാടികൾ കിട്ടിയെങ്കിൽ അതിന്റെ വരുമാനത്തിൽ നിൽക്കാമായിരുന്നു. പക്ഷേ, ഒരു സിനിമാപ്പാട്ടുകാരനായി കഴിഞ്ഞിട്ടും അതിന്റെ പേരിൽ എന്നെയാരും ഗാനമേളകൾക്കുപോലും വിളിക്കുന്നില്ല. ഇനി വിളിച്ചെങ്കിൽ ഒരു പിന്നണി ഗായകൻ എന്ന നിലയിൽ മറ്റുള്ളവർക്ക് ലഭിക്കുന്ന പ്രതിഫലം തരുന്നില്ല. എന്താണിതിന്റെ കാരണം എന്നെനിക്കിപ്പോഴും മനസ്സിലായിട്ടില്ല.

വല്ലാത്ത സങ്കടമായിരുന്നു. സാമ്പത്തിക കാര്യങ്ങളിൽ അമ്മയെ സഹായിക്കാൻ കഴിയുന്നില്ലല്ലോ എന്ന സങ്കടം എന്നെ വല്ലാതെ അലട്ടി. അച്ഛന്റെ ചികിത്സയും മറ്റും അച്ഛന്റെ സുഹൃത്ത് കെ.പി. വാസുമാസ്റ്റർ നിർവഹിക്കുന്നുണ്ട്. എന്നാലും ഇതിലൊക്കെ ഒരു കാഴ്ചക്കാരനായി നിൽക്കാനല്ലേ എനിക്ക് കഴിയുന്നുള്ളൂ. വി.എം. കുട്ടിമാസ്റ്റർക്ക് ഞാൻ ഒരു കത്തയച്ചു. എന്നെ ട്രൂപ്പിൽ ഒരു പ്രാവശ്യമെങ്കിലും ഗൾഫിൽ കൊണ്ടുപോകണമെന്ന ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട്. മാസ്റ്ററുടെ മറുപടി കിട്ടിയില്ല. എന്നെ കൊണ്ടുപോയതുമില്ല. മാസ്റ്റർക്ക് ആ കത്ത് കിട്ടിയിരുന്നോ എന്ന് പോലും ഞാനിതുവരെ അദ്ദേഹത്തോടു ചോദിച്ചിട്ടുമില്ല. എന്റെ കൈയിൽ 'ഓത്ത്പള്ളി' അല്ലാതെ മറ്റു മാപ്പിളപ്പാട്ടുകൾ ഒന്നുമില്ലല്ലോ എന്നത് കൊണ്ട് കൂടിയായിരിക്കും.

ഗാനമേളകൾ വിജയിക്കുന്നത് പ്രമുഖരുടെ ശബ്ദസാമ്യം കൊണ്ടാണ്. യേശുദാസിനെപ്പോലെ, കിഷോറിനെപ്പോലെ. ഇങ്ങനെയൊരു 'പോലെ' എന്റെ ശബ്ദത്തിലില്ല. എന്റേത് ഒരു വേറിട്ട ശബ്ദമാണെന്നെല്ലാവരും പറയാറുണ്ട്. പക്ഷേ, ആ ശബ്ദത്തിന് വേദികളിൽ സ്വീകാര്യത ഇല്ലായിരുന്നു എന്നുവേണം കരുതാൻ. യേശുദാസിന്റെ പല പാട്ടുകളും അനുകരണക്കാർ പാടുന്നതിനെക്കാൾ നന്നായി പാടാൻ കഴിയും എന്നെനിക്കറിയാം. എന്തുചെയ്യാം. അദ്ദേഹത്തിന്റെ ശബ്ദത്തിൽ പാടാൻ എനിക്ക് കഴിയില്ല. എന്റെ സ്വന്തം ശബ്ദത്തിലേ പാടാൻ കഴിയൂ. ഗാനമേള കമ്മിറ്റിക്കാർക്കതല്ല

വേണ്ടത്. മറ്റു ഗായകർ വലിയ തുകകൾ പ്രതിഫലമായി വാങ്ങുമ്പോൾ ഞാൻ അസൂയപ്പെട്ടിട്ടുണ്ട്. പാട്ട് വളരെ പ്രശസ്തമാവുക, എന്നിട്ടും ഗായകൻ അംഗീകരിക്കപ്പെടാതിരിക്കുക. ഒരുപാടു അനുഭവങ്ങൾ മറ്റു രീതിയിൽ ഈ പാട്ടെനിക്ക് തന്നിട്ടുണ്ട്. എന്റെ മനസ്സിൽനിന്നും ആഗ്രഹങ്ങൾ എല്ലാം ഒഴിവായതിനുശേഷമാണ് അത്തരം പരിഗണനകൾ എനിക്ക് ലഭിച്ചു തുടങ്ങിയത്.

മാപ്പിളപ്പാട്ടിൽ ഒരു പാട് പാട്ടുകൾ പാടാത്ത എനിക്ക് പിന്നീട് മാപ്പിളപ്പാട്ടിന്റെ പേരിൽ പരിഗണനകൾ ലഭിച്ചുതുടങ്ങി. ഞാനെപ്പോഴും ആലോചിക്കാറുണ്ട്. എന്റെ തലമുറ, എന്നെ പരിഗണിച്ചിട്ടില്ല. പക്ഷേ, എനിക്ക് ശേഷം വന്ന ഒരു തലമുറ എന്നെ പരിഗണിച്ചിട്ടുണ്ട് എന്നത് ആശ്വസിപ്പിക്കുന്ന ഒരു ഘടകമാണ്. ഏറ്റവും പുതിയ തലമുറയിലെ പാട്ടുകാരെ അവരുടെ തലമുറ ആഘോഷിക്കുമ്പോൾ എനിക്ക് അവരോട് മതിപ്പാണ്; അഭിപ്രായവ്യത്യാസങ്ങൾ പലതും ഉണ്ടെങ്കിലും. എന്നെ എന്റെ തലമുറ നിരസിക്കുകയാണല്ലോ ചെയ്തത്, എന്നെയും ഈ പുതുതലമുറ തന്നെയാണല്ലോ പരിഗണിച്ചത്.

പാട്ട് സിനിമയിൽ എനിക്കവസരങ്ങൾ ഒന്നും കൊണ്ടുവന്ന് തന്നില്ല. പിന്നീട് സിനിമകൾ രണ്ടെണ്ണം ഇതേ ടീമിന്റേതായിരുന്നു. നിർമാതാക്കൾ മാത്രം വ്യത്യാസം. 'ഉല്പത്തി'യും 'കത്തി'യും സംവിധാനം ചെയ്തത് പള്ളിക്കര വി.പി. 'ഉല്പത്തി'യിൽ പാട്ടെഴുതിയത് പി.ടി. തന്നെ എ.ടി. ഉമ്മർ സംഗീതം. 'കത്തി'യിൽ കഥ പുനത്തിലിന്റേത് പാട്ടുകൾ എഴുതിയത്. ഒ. എൻ.വി. സംഗീതം എം.ബി. ശ്രീനിവാസൻ. 'ഉയരും ഞാൻ നാടാകെ' തികച്ചും വ്യത്യസ്തമായ ടീം. കുറ്റിയിൽ ബാലൻ നിർമാതാവ്, പി. ചന്ദ്രകുമാർ സംവിധാനം, ഒ.എൻ.വി. ഗാനങ്ങൾ, ഹരിപ്പാട് കെ.പി.എൻ. പിള്ള സംഗീതം. ഇതിലെ പാട്ടായ 'മാതളത്തേനുണ്ണാം', കത്തിയിലെ 'പൊന്നരളിപൂവൊന്നു' എന്ന ഗാനവും ശ്രദ്ധിക്കപ്പെട്ടെങ്കിലും ഇതിന്റെയൊക്കെ തുടർച്ചയായി എന്നെ ആരും ഒരു സിനിമയിലേക്ക് വിളിച്ചില്ല. ഇതൊരു പരാതിയല്ല. കലയുടെ ഭാഗത്തു നിൽക്കുമ്പോഴും കച്ചവടത്തിലും ശ്രദ്ധിച്ചുനിൽക്കണം. പാട്ട് വലിയ വിപണിയായ ഈ കാലത്ത് വിപണി സ്വീകരിക്കാത്ത, അതായത് ഇടനിലക്കാരനെ തൃപ്തിപ്പെടുത്താതെ നിലനിൽക്കാൻ കഴിയില്ല എന്നത് ഗുണപാഠം.


പള്ളിക്കര വി.പി. മുഹമ്മദ്

## വ്യാജശബ്ദത്തിലെ പാട്ടുകൾ

'ഓത്ത്പള്ളി' എന്ന പാട്ട് എന്നെ ഇപ്പോഴും നിലനിർത്തുന്നു. ഈ സിനിമയുടെ പേരിൽ ഒരു സിനിമാ സംഘടനയിലും ഞാൻ ചേർന്നിട്ടില്ല. അതിന്റെ മുഖ്യധാരയിൽ എനിക്കിടം കിട്ടിയിട്ടില്ല. ചോദിച്ചു വാങ്ങാൻ ഞാൻ ചെന്നിട്ടുമില്ല. അപ്പോഴൊക്കെ മറ്റധികാരങ്ങളോ, സമ്പത്തോ, സ്വാധീനങ്ങളോ ഇല്ലാത്ത ഒരു സാധാരണ സമൂഹം 'ഓത്ത്പള്ളി'യുടെ പേരിൽ എന്നെ സ്നേഹിക്കുന്നു. ഞാൻ സഞ്ചരിക്കുമ്പോഴും, വേദികളിൽ പ്രസംഗകനായി നിൽക്കുമ്പോഴും ഒക്കെ. എനിക്കിതിനുമാത്രമുള്ള അർഹതയുണ്ടോ എന്ന് തോന്നത്തക്കവിധത്തിൽ. മലയാളത്തിലെ ആദ്യത്തെ മാപ്പിളപ്പാട്ട് റിയാലിറ്റി ഷോയായ 'പട്ടുറുമാലിൽ' വിധി കർത്താവായി ഞാൻ ക്ഷണിക്കപ്പെട്ടതിന്റെ മുഖ്യകാരണം ഈ പാട്ടുതന്നെ. രാത്രി കാലങ്ങളിൽ ചിലപ്പോൾ പന്ത്രണ്ടു മണി സമയത്തൊക്കെ ചിലർ എന്നെ വിളിക്കും. അവർക്കു ഫോണിലൂടെ 'ഓത്ത്പള്ളി' കേൾക്കണം. സ്നേഹത്തോടെ നിരസിച്ചാലും അവർ പാടുന്നത് ഞാൻ കേൾക്കണമെന്ന് നിർബന്ധിക്കും.

ഹിറ്റായ പാട്ടുകൾ അതിന്റെ യഥാർത്ഥ അവകാശികളിൽ നിന്ന് തട്ടിപ്പറിച്ച് പാടി വിൽക്കുന്ന ഒരു പ്രവണത മലയാളത്തിലുണ്ടല്ലോ. 'ഓത്ത്പള്ളി'യും ഇതിൽ പെട്ടിട്ടുണ്ട്. പ്രമുഖരും അല്ലാത്തവരുമായ ഗായകർ ഇത് പാടി വില്പനയ്ക്ക് വച്ചിട്ടുണ്ട്. ഫോണിലൂടെ കോളർ ട്യൂണായി വരുന്ന 'ഓത്ത്പള്ളി'യും എന്റെ വ്യാജശബ്ദത്തിലാണ്. പ്രചാരണത്തിന്റെ പുതിയ രീതിയാണല്ലോ ഇത്. വളരെ വിചിത്രമായ ചില അനുഭവങ്ങൾ ഉണ്ട്. മോഹനരാഗത്തെ അടിസ്ഥാനമാക്കി മോഹനമാം എന്നൊരു പരിപാടി ഞാൻ ചെയ്തിട്ടുണ്ടായിരുന്നു. ഒരു സ്റ്റേജിൽ ഒരാൾ കയറിവന്ന് ഒരു കുറിപ്പ് തന്നു. 'ഓത്ത്പള്ളി' പാടണം. എന്ന്. ഞാൻ മൈക്കിലൂടെ പറഞ്ഞു "എന്റെ പ്രശസ്തമായ ഗാനങ്ങൾ ഒന്നും മോഹനരാഗത്തെ അടിസ്ഥാനമാക്കിയുള്ളതല്ല. അതുകൊണ്ട് ഈയൊരു രാഗത്തിന്റെ മൂഡിൽനിന്ന് മാറാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ക്ഷമിക്കണം." എന്ന്. ഉടനെ മറുപടി വന്നു 'ഓത്ത്പള്ളി' ഒന്ന് മോഹനമാക്കി പാടിക്കൂടേ എന്ന്.

എന്റെ ഈയൊരു പാട്ടിനായി എല്ലാ തലമുറയും ആവശ്യപ്പെടുമ്പോൾ എന്നിൽ ആത്മവിശ്വാസം വർദ്ധിക്കുകയായിരുന്നു. 1954-ൽ 'കായലരികത്ത്' വന്ന് ഇരുപത്തിയഞ്ച് വർഷങ്ങൾക്കു ശേഷം വന്ന 'ഓത്ത്പള്ളി' 'കായലരികത്തിന്റെ' അത്രയില്ലെങ്കിലും ജനമനസ്സിൽ ഇടം പിടിച്ചു. എന്റെ പാട്ട് എന്ന നിലയ്ക്കല്ല ഞാനിതു പറയുന്നത്. പാട്ടിനെ മാറിനിന്ന് നോക്കിയാൽ തോന്നുന്ന കാര്യങ്ങൾ കൂടെ കുറെ അനുഭവങ്ങളും.

ദുബായിൽ യൂസഫ് ലെൻസ്മാനും നിസ്സാർ സെയ്തും ഒക്കെകൂടി വലിയ ഒരു പരിപാടി സംഘടിപ്പിച്ചിരുന്നു. മലയാള സിനിമയുടെ എഴുപത്തിയഞ്ചാം വാർഷികം. എഴുപത്തിയഞ്ച് വർഷത്തെ ചരിത്രത്തിൽ ഏറ്റവും നല്ലതെന്ന് എസ്.എം.എസ്സിലൂടെ അഭിപ്രായം സ്വരൂപിച്ചു അവർക്ക് അവാർഡുകൾ കൊടുക്കുന്ന പരിപാടി. മമ്മൂട്ടി, യേശുദാസ്, എസ്. ജാനകി, എം.ജി.

രാധാകൃഷ്ണൻ, ഗിരീഷ് പുത്തഞ്ചേരി, വയലാർ ശരത്ചന്ദ്ര വർമ്മ തുടങ്ങി നിരവധി പ്രമുഖർ. എന്നെയും ക്ഷണിച്ചിരുന്നു; 'ഓത്ത്പള്ളി' പാടാനായി. അടുത്ത പാട്ട് 'ഓത്ത്പള്ളി'യാണെന്ന് അവതാരക പറഞ്ഞപ്പോൾ മുൻനിരയിലുണ്ടായിരുന്ന യേശുദാസും മമ്മൂട്ടിയും കൈയടിക്കുന്നുണ്ടായിരുന്നു. വളരെ താല്പര്യത്തോടെയാണവർ എന്റെ പാട്ട് കേട്ടത്. ഒരുപക്ഷേ, ഒരു പാട്ടുകാരനും കിട്ടാത്ത ഒരു ബഹുമതിയായിരിക്കും ഇത്. ഒറ്റപ്പാട്ട് പാടാനായി വിദേശത്ത് പോവുക. ആ പാട്ട് പാടി തിരിച്ചുപോരുക. അത്യപൂർവമായ അനുഭവമല്ലേ അത്.

## തലയുയർത്തി നിൽക്കുന്ന പാട്ട്

ഗൾഫ്രാജ്യങ്ങളിലെ റേഡിയോ നിലയങ്ങളിൽ പലതവണ അഭിമുഖത്തിനായി ഞാൻ ക്ഷണിക്കപ്പെട്ടിട്ടുണ്ട്. അവർ അഭിമുഖത്തിനിടയിൽ പറയുന്ന ഒരു കാര്യം ഒരാഴ്ച, ഒരു മാസം, എത്ര തവണ 'ഓത്ത്പള്ളി' പ്രക്ഷേപണം ചെയ്യപ്പെട്ടിട്ടുണ്ട് എന്നാണ്. ചിലദിവസങ്ങളിൽ ഒന്നിൽക്കൂടുതൽ തവണ ഈയൊരു പാട്ട് റേഡിയോവിൽ വന്നിട്ടുണ്ടത്രെ. ഫോണിലൂടെ ഏറ്റവും കൂടുതൽ ആവശ്യപ്പെടുന്ന ഒരു പാട്ട് 'ഓത്ത്പള്ളി'യാണെന്ന് അവർ പറയാറുണ്ട്. പ്രവാസി മലയാളികൾക്ക് പ്രത്യേകിച്ചും ഈ പാട്ട് അവരുടെ നാടിനെക്കുറിച്ചും പ്രണയകാലത്തെക്കുറിച്ചും ബാല്യകാലത്തെക്കുറിച്ചുമൊക്കെയുള്ള ഓർമ്മകൾ ഉണർത്തുന്നുണ്ടാവണം. രാഘവൻ മാസ്റ്ററുടെ പാട്ടുകളിൽ വളരെയേറെ ശ്രദ്ധ പിടിച്ചുപറ്റിയ ഒരു ഗാനമായി 'ഓത്ത്പള്ളി'. അദ്ദേഹത്തിന്റെ പല പാട്ടുകളും ഇത്തരത്തിലുണ്ട്. അതിപ്രശസ്തർ പാടാതെ തന്നെ പ്രശസ്തമായ പാട്ടുകൾ. മറ്റു മാദ്ധ്യമങ്ങളുടെ സഹായമില്ലാതെ തന്നെ അത് തലയുയർത്തി നിൽക്കുന്നു.

മാപ്പിള ഈണങ്ങളിൽ തന്നെ മാസ്റ്റർ നിരവധി ഗാനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പാട്ടിൽ ഉപയോഗിച്ചിട്ടുള്ള വാക്കുകൾ പലർക്കും പലരീതിയിലുള്ള ഓർമ്മകൾ ഉണർത്തുന്നു. 'ഓത്ത്പള്ളി'യും 'കോന്തല'യും 'മൊല്ലാക്ക'യും 'നെല്ലിക്ക'യും 'ചൂരൽവടി'യും 'മയിൽപ്പീലി'യും 'പച്ചമാങ്ങ'യും 'കോളാമ്പിപൂക്കളും' 'ഇലഞ്ഞിപ്പൂക്കളും' എല്ലാം ഗൃഹാതുരത്വത്തിന്റെ പ്രതീകങ്ങളാവുന്നു. ഏത് മലയാളിക്കാണ് ഇതൊക്കെ മറക്കാൻ കഴിയുക? 'ഓത്ത്പള്ളി' എന്ന ഗാനത്തിൽ നിന്നാണ് 'കോന്തല' എന്ന വാക്കെടുത്ത് തന്റെ പുസ്തകത്തിന് പേരിട്ടത് എന്ന് കല്പറ്റ നാരായണൻ എഴുതിയിട്ടുണ്ട്.

പി.ടി. അബ്ദുറഹിമാൻ എന്ന ഗാനരചയിതാവിനെ മലയാള സിനിമ വേണ്ടത്ര ഉപയോഗിച്ചില്ല എന്ന് ഞാൻ പറയുന്നത് അദ്ദേഹത്തോടുള്ള വ്യക്തിപരമായ അടുപ്പം കൊണ്ടല്ല, ആ സിദ്ധികളെ അടുത്തറിഞ്ഞത് കൊണ്ടാണ്. ഈണത്തിനും താളത്തിനും ഒപ്പിച്ച് പാട്ടുകൾ എഴുതുന്ന ഈ കാലത്ത് പോലും അങ്ങനെയെഴുതുന്നതിൽ കാവ്യാംശം കൊണ്ടുവരാൻ കഴിയുന്ന കവിയായിരുന്നു അദ്ദേഹം. വേണ്ടത്ര ശ്രദ്ധിക്കപ്പെടുന്നതിനു മുൻപെ മരണം അദ്ദേഹത്തെ കീഴ്പ്പെടുത്തിക്കളഞ്ഞു.

'ഓത്ത്പള്ളി' എന്ന ഗാനം എന്റെതായി കൂടി ഓർമ്മിക്കത്തക്ക പ്രത്യേകതകൾ എന്തെങ്കിലും ഞാൻ ചേർത്തിട്ടുണ്ടോ? അന്ന് അങ്ങനെയൊന്നും ചിന്തിക്കാൻ കഴിയുന്ന അവസ്ഥയിലല്ലായിരുന്നു. മാസ്റ്റർ പാടിത്തരുന്നത് എഴുപതുശതമാനം പാടിയാൽ തന്നെ നല്ല പാട്ടാവും. എങ്ങനെയെങ്കിലും പാടി രക്ഷപ്പെടണം എന്നൊരു ചിന്തയേ ഉണ്ടായിരുന്നുള്ളൂ. എന്റെ ശബ്ദത്തിൽ വന്നപ്പോൾ അതിനെന്തോ പ്രത്യേകത കേൾവിക്കാർക്ക് തോന്നിയിരിക്കണം. അല്ലെങ്കിൽ യേശുദാസും ജയചന്ദ്രനും ഒക്കെ നിറഞ്ഞുനിന്നിരുന്ന ആ കാലത്ത് എന്റെ ഈ ശബ്ദം ശ്രദ്ധിക്കുമോ? അനുവാചകൻ അപ്പോഴും വൈവിദ്ധ്യം ആഗ്രഹിക്കുന്നു. പക്ഷേ, അവർക്ക് കൊടുക്കാൻ കലാകാരന് കഴിയുന്നില്ല. ശക്തമായ വിപണി സ്വാധീനത്തിൽ പാട്ട് ഞെരിഞ്ഞമർന്നുപോയി. വിപണന തന്ത്രങ്ങൾ അറിഞ്ഞുകൂടാത്ത തലമുറയിലെ പാട്ടുകാരുടെ കാര്യമാണ് ഞാൻ പറയുന്നത്. അവർക്ക് പാടാനേ അറിയൂ. അത് വിൽക്കാൻ അറിയില്ല. പാട്ടുകൾ ഹിറ്റായാൽ പോരാ പാട്ടുകാരൻ ഹിറ്റാകണം എന്നതും ഗുണപാഠം തന്നെ. ■





**ബുക് ക്ലബ്**

വായന ഗൗരവമായി കാണുന്ന വർക്കുവേണ്ടി വള്ളത്തോൾ വിദ്യാപീഠം ഒരു ബുക് ക്ലബ് ആരംഭിക്കുന്നു.

ബുക് ക്ലബിൽ ചേരുന്നതിന് 1200 രൂപ അയച്ചു തരേണ്ടതാണ്. ഇതിൽ 100 രൂപ ആജീവനാന്ത അംഗത്വഫീസും 1100 രൂപ പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള അഡ്വാൻസ് തുകയുമായിരിക്കും.

വള്ളത്തോൾ വിദ്യാപീഠം പ്രസിദ്ധപ്പെടുത്തിയ പുസ്തകങ്ങളുടെ ലിസ്റ്റും അടുത്തു പ്രസിദ്ധപ്പെടുത്തുവാൻ തയ്യാറായിക്കൊണ്ടിരിക്കുന്ന പുസ്തകങ്ങളുടെ ലിസ്റ്റും ആവശ്യപ്പെടുന്നവർക്ക് അയച്ചുതരുന്നതാണ്.

ബുക് ക്ലബ് അംഗങ്ങൾക്ക് ഈ ലിസ്റ്റിൽനിന്നും 1100 രൂപയ്ക്ക് **1600** രൂപ മുഖവില വരുന്ന പുസ്തകങ്ങൾ വാങ്ങാം. പുസ്തകങ്ങൾ വിദ്യാപീഠത്തിന്റെ ചെലവിൽ അയച്ചുകൊടുക്കുന്നതാണ്.

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക :**

**വള്ളത്തോൾ വിദ്യാപീഠം**
ശുകപുരം, എടപ്പാൾ- 679 576
ഫോൺ: 0494-2680420
മൊബൈൽ : 9995940746, 9447925124
ഇ- മെയിൽ : vallathol@rediffmail.com